# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/165/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 30/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/165/2023 തീയ്യതി: 30/03/2023

## കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിതേന്ദ്രൻ.എ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 14-02-2023 | 22-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-02-2023 | 22-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ .സി, ഓഡിറ്റ് ഓഫീസർ,
തോമസ്.കെ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
എ.ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുഞ്ഞികൃഷ്ണൻ.കെ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഹരിവേണുഗോപാലൻ.കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജയിംസ് പന്തംമ്മാക്കൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഉമേഷ്.ജി | സെക്രട്ടറി | 01-04-2021 | 27-10-2021 |
| പ്രിൻസ് ജോർജ്ജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-10-2021 | 17-11-2021 |
| നവാസ്.എസ് | സെക്രട്ടറി | 18-11-2021 | 19-12-2021 |
| പി.ബി.സജി | സെക്രട്ടറി | 20-12-2021 | 14-01-2022 |
| വിനോദ് കുമാർ.എം.പി | സെക്രട്ടറി | 15-01-2022 | 18-01-2022 |
| ഒഴിവ് | സെക്രട്ടറി | 19-01-2022 | 23-01-2022 |
| പങ്കജാക്ഷൻ.സി.കെ | സെക്രട്ടറി | 24-01-2022 | 31-01-2022 |
| സന്തോഷ് കുമാർ.ടി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2022 | 01-03-2022 |
| ബിജു.കെ | സെക്രട്ടറി | 02-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രിൻസ് ജോർജ്ജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 27-11-2021 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 28-11-2021 | 30-01-2022 |
| സന്തോഷ് കുമാർ.ടി.പി | അസിസ്റ്റന്റ് സെക്രട്ടറി | 31-01-2022 | 31-03-2022 |
| മോഹനൻ.പി.വി | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 01-04-2021 | 20-06-2021 |
| റിയാസ്.ആർ | അസിസ്റ്റന്റ് എഞ്ചിനിയർ , LID&EW | 21-06-2021 | 28-03-2022 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനിയർ , LID&EW | 29-03-2022 | 31-03-2022 |
| ഉമ.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| സുനന്ദ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചിറ്റാരിക്കൽ സർക്കിൾ) | 01-04-2021 | 14-03-2022 |
| ഷീജ.ഇ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചിറ്റാരിക്കൽ സർക്കിൾ) | 14-03-2022 | 31-03-2022 |
| ഷീജ.ഇ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പാലാവയൽ സർക്കിൾ) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| നിഷ നമ്പപൊയിൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 04-07-2021 |
| സവിത എൻ,വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-07-2021 | 31-03-2022 |
| ഡോ.ജോസഫ്.പി.എം | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-12-2021 |
| ഡോ.വിശ്വലക്ഷ്മി | വെറ്റിനറി സർജ്ജൻ | 01-01-2022 | 31-03-2022 |
| ഡോ.സൂര്യ രാഘവൻ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.രാജേഷ് കുമാർ കെ.പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 26-04-2021 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 27-04-2021 | 04-05-2021 |
| ഡോ.ശോഭ.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 05-05-2021 | 28-09-2021 |
| ഡോ.സിംല.കെ.സി | മെഡിക്കൽ ഓഫീസർ ഹോമിയോ | 29-09-2021 | 31-10-2021 |
| ഡോ.അശ്വിനി.വി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-11-2021 | 31-03-2022 |
| ഡോ.രാഖി.ടി.പി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| സെബാസ്റ്റ്യൻ പി.എ | പ്രധാനധ്യാപകൻ | 01-04-2021 | 31-03-2022 |
| പ്രശാന്ത്.പി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 14-07-2021 |
| ശ്രീജിത്ത്.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2 |
| 3 | ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല- റീകൺസിലേഷൻ പത്രികകളിൽ അപാകതകൾ | 1-2-1 |
| 4 | പ്രത്യേക ഉദ്ദേശ പദ്ധതി പലിശ വരവ് ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-2-2 |
| 5 | ബാധ്യതാ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. | 1-2-3 |
| 6 | ജല നിധി പദ്ധതി മെയിന്റനൻസിന് കിഫ്ബിയിൽ നിന്നും ലഭിച്ച തുക ഡെപ്പോസിറ്റ് വരവിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 1-2-4 |
| 7 | പെൻഷൻ ഡി.ബി.റ്റി ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-2-5 |
| 8 | ലൈഫ് ഭവന പദ്ധതി വായ്പാ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. | 1-2-6 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | സമൂഹ്യ ക്ഷേമ പെൻഷൻ വിതരണം -മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും യഥാസമയം ഒഴിവാക്കുന്നില്ല - ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം തുടർന്നു- അപാകതകൾ | 1-10 |
| 17 | സാന്ത്വന പരിചരണം - സർക്കാർ മാർഗ്ഗരേഖ പാലിക്കാതെ തുക ചെലവഴിച്ചു. | 1-11 |
| 18 | എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-12 |
| 19 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-13 |
| 20 | എം.സി.എഫിന് അടിസ്ഥാന സൗകര്യമൊരുക്കൽ-പദ്ധതിക്കായി വാങ്ങിയ ബോയിലിംഗ് മെഷീൻ ഉപയോഗിക്കുന്നില്ല. | 1-15 |
| 21 | ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കുന്നില്ല. | 1-16 |

| | | |
|---|---|---|
| 22 | റോഡ് പ്രവൃത്തിയുടെ ഭാഗമായി കിളച്ചെടുത്ത (Scarified) കല്ലും മെറ്റലും പുനരുപയോഗത്തിനുള്ള സാധ്യത പരിഗണിക്കണം. | 1-17 |
| 23 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-18 |
| 24 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല. | 1-19 |
| 25 | തെരുവ് നായ നിയന്ത്രണ പരിപാടി ഗ്രാമ പഞ്ചായത്തിന് പ്രയോജനം ലഭിക്കുന്നില്ല | 1-20 |
| 26 | വനിതക**ൾ**ക്ക് കോഴി വള**ർത്തൽ** പദ്ധതി-ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-21 |
| 27 | വനിതക**ൾ**ക്ക് ആട് വള**ർത്തൽ** പദ്ധതി- സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-22 |
| 28 | ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) - അക്കൗണ്ട് നമ്പർ തെറ്റി മറ്റൊരു വ്യക്തിക്ക് തുക നൽകി | 1-23 |
| 29 | ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) - അധിക നിരക്കിൽ ആനുകൂല്യം നൽകി | 1-24 |
| 30 | ഭവന പദ്ധതി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ പൊരുത്തപ്പെടുന്നില്ല. | 1-25 |
| 31 | മിനി എംസി.എഫ് സ്ഥാപിക്കൽ - ചെലവിൽ വ്യക്തതയില്ല | 1-26 |
| 32 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) - അക്കൗണ്ട് നമ്പർ തെറ്റി മറ്റൊരു വ്യക്തിക്ക് തുക നൽകി-നഷ്ടം 90,000/- രൂപ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |
| 6 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കാത്ത പ്രവൃത്തികൾ. | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 തിയതി. 22.02.2021 | 5/1 തിയതി.09.03.2022 |
| മുന്നിരിപ്പ് | 18,80,198 | 43,44,367 |
| വരവ് | 24,11,40,500 | 30,84,00,390 |
| ആകെ | 24,30,20,698 | 31,27,44,757 |
| ചെലവ് | 24,13,92,600 | 31,12,78,055 |
| നീക്കിയിരിപ്പ് | 16,28,098 | 14,66,702 |

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല- റീകൺസിലേഷൻ പത്രികകളിൽ അപാകതകൾ

(A) 1) ധനകാര്യക്കമ്മീഷൻ ബേസിക് ഗ്രാന്റ് , ടൈഡ് ഗ്രാന്റ് എന്നീയിനങ്ങളിൽ ലഭിച്ച 84,53,000 രൂപ പ്രത്യേകം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് ചെയ്തത് . പ്രസ്തുത അക്കൗണ്ടിൽ 62957 രൂപ പലിശയും ലഭിച്ചിട്ടുണ്ട് (ആകെ 85,15,957/-). സുലേഖ ചെലവ് പത്രിക പ്രകാരം ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 78,16,380/- രൂപയാണ് വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ളത്. (ഇ -ഗ്രാം സ്വരാജ് പോർട്ടലിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരവും ചെലവ് 78,16,380/ - രൂപ തന്നെയാണ്. ഇതനുസരിച്ച് പ്രസ്തുത ഇനത്തിലെ നീക്കിയിരിപ്പ് 6,99,577/- രൂപയാണ് . ബാലൻസ് ഷീറ്റിൽ ബി.4 ഷെഡ്യൂളിൽ 6,99,577/- രൂപ തന്നെയാണ് ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിലും. ബി17 കാഷ് & ബാങ്ക് ബാലൻസ് പ്രകാരവും, രസീപ്റ്റ് & പേയ്മെന്റ് ആർ.പി 40(ബി) പ്രകാരവും പ്രസ്തുത ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 43,57,685/- രൂപയാണ് . ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 11,31,505/- രൂപയാണ് നീക്കിയിരിപ്പ് . 31.3.2022 ലെ റീ കൺസിലേഷൻ പത്രികയിൽ ചെക്ക് ഇഷ്യൂ ചെയ്തത് കളക്ഷനാകുവാനുള്ളതായി 9,28,781/- രൂപയും, ചെക്ക് ഡെപ്പോസിറ്റ് ചെയ്തത് ക്ലിയർ ചെയ്യുവാനുള്ളതായി 41,54,962/- രൂപയും കാണിച്ചിട്ടുണ്ട്. ഇത് ശരിയായ തുകകളല്ല. റീകൺസിലേഷൻ പത്രികയിൽ ചെക്ക് ഇഷ്യൂഡ് എന്ന് രേഖപ്പെടുത്തിയ 9,28,781/-രൂപ തന്നെ , ചെക്ക് ഡെപ്പോസിറ്റ് ചെയ്തത് ക്ലിയർ ചെയ്യുവാനുള്ള തുകയായി കാണിച്ച 41,54,962/- രൂപയിൽ ഉൾപ്പെട്ടിട്ടുമുണ്ട്.

പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട് വാർഷിക കണക്കിൽ ഉൾപ്പെട്ട നീക്കിയിരിപ്പിലെ അപാകത പരിശോധിച്ച് ആയത് ക്രമപ്പെടുത്താൻ നടപടികൾ സ്വീകരിച്ച മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ , 2022 മാർച്ച് മാസം വരേണ്ട ചില പേയ്മെന്റുകൾ (₹36,55,669/-) ഏപ്രിൽ മാസം ചെയ്തു പോയത് പിന്നീട് പെൻഡിംഗ് ടാസ്ക് വഴി മാർച്ച് മാസം തന്നെ ചെയ്തപ്പോൾ ഏപ്രിലിൽ ചെയ്തവ ക്യാൻസൽ ചെയ്തിരുന്നുവെന്നും , എന്നാൽ പ്രസ്തുത വേളയിൽ ക്യാൻസൽ ചെയ്ത തുകയ്ക്ക് തുല്യമായ റസീറ്റുകൾ മാർച്ച് മാസം ജനറേറ്റ് ചെയ്തതു മൂലമാണ് നീക്കിയിരിപ്പിൽ അധികം തുക വന്നതെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സൂചിപ്പിച്ചിട്ടുണ്ട്.

2) എന്നാൽ മേൽ പ്രകാരം പേയ്മെന്റ് മാറി ചെയ്ത് മാർച്ച് മാസം വീണ്ടും റസീപ്റ്റ് ചെയ്ത തുകയിൽ ഉൾപ്പെട്ട 7,11,801/- രൂപയുടെ വൗച്ചർ (നം.100613/31.3.2022) മാർച്ച് മാസം തന്നെ ക്യാൻസൽ ചെയ്തിട്ടുള്ളതാണ് . ഇ ഗ്രാം സ്വരാജ് പോർട്ടലിലും പ്രസ്തുത ചെലവ് ക്യാൻസൽ ചെയ്തിട്ടുള്ളതാണ്. ചെലവ് ക്യാൻസൽ ചെയ്ത മേൽ തുക കൂടി വീണ്ടും റസീപ്റ്റിൽ ഉൾപ്പെടുവാനുള്ള കാരണം വ്യക്തമല്ല.

ധനകാര്യ കമ്മീഷൻ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പിൽ സംഭവിച്ച അപാകത ക്രമപ്പെടുത്തി വിശദമായ റിപ്പോർട്ടും, കൃത്യമാക്കിയ റീകൺസിലേഷൻ റിപ്പോർട്ടും ഭരണ സമിതി തീരുമാനം സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

3) CFC ബാങ്ക് ബുക്കിൽ (A/c.No.0737101023983 -Canara Bank) 31.3.2022 ൽ വൗച്ചർ നം.22100881- പ്രകാരം Amount Payable To Other Creditors എന്നയിനത്തിൽ 4,81,461/- രൂപ പേയ്മെന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇ-ഗ്രാം സ്വരാജ് പോർട്ടൽ പ്രകാരമുള്ള ചെലവ് റിപ്പോർട്ടിൽ ഇത്തരത്തിൽ ഒരു ചെലവ് ഉൾപ്പെട്ട് കാണുന്നില്ല. പരിശോധിച്ച് പ്രസ്തുത തുകയുടെ കൃത്യത വ്യക്തമാക്കേണ്ടതാണ്.

4) CFC ബാങ്ക് ബുക്കിലെ (A/c.No.0737101023983 -Canara Bank) 30.3.2022 ൽ ചെലവ് കാണിച്ചിട്ടുള്ള 58,842/- രൂപയുടേതും , 31.3.2022 ൽ വരവ് കാണിച്ചിട്ടുള്ള 39,228/- രൂപയുടേയും വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതുപോലെ 31.3.2022 ൽ ജി.എസ്.ടി ഇനത്തിൽ ചെലവ് കാണിച്ചിട്ടുള്ള 36,788/- രൂപയും , ക്ഷേമ നിധി വിഹിതം ഇനത്തിൽ ചെലവ് കാണിച്ചിട്ടുള്ള 41,736/- രൂപയും ഏതൊക്കെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകളാണെന്ന് വ്യക്തമാക്കേണ്ടതാണ്.

B) സമാനമായ രീതിയിൽ , തനത് ഫണ്ട് കാനറാ ബാങ്ക് അക്കൗണ്ട്, എസ്.ബി.ഐ തനത്ഫണ്ട്, എൽ.ജി.ടി.എസ്.ബി എന്നീ അക്കൗണ്ടുകളിലും നീക്കിയിരിപ്പ് കണക്കാക്കിയതിൽ അപാകത സംഭവിച്ചിട്ടുണ്ട് വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം നീക്കിയിരിപ്പ് | പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | റീ കൺസിലേഷൻ | |
|---|---|---|---|---|
| | | | ചെക്ക് ഇഷ്യു ചെയ്തത് കളക്ഷനാകുവാനുള്ളത് (+) | ചെക്ക് ഡെപ്പോസിറ്റ് ചെയ്തത് കളക്ഷനാകുവാനുള്ളത്(-) |
| കാനറാ ബാങ്ക് തനത്ഫണ്ട് 737101022921 | 1,81,78,466 | 1,57,95,921 | 3,68,139 | 27,50,684 |
| എസ്.ബി.ഐ തനത് ഫണ്ട്. 37177467731 | 25,36,132 | 23,79,643 | 6,557 | 1,63,046 |
| LGTSB-7990130000006261 | 34,46,293 | 10,00,000 | - | 24,46,293 |

മേൽ അക്കൗണ്ടുകളിൽ നിന്നും മാർച്ചിൽ ചെയ്ത പേയ്മെന്റ് ഏപ്രിൽ മാസത്തിലാവുകയും പിന്നീട് മാർച്ച് മാസം രസീപ്റ്റ് ജനറേറ്റ് ചെയ്യുകയും ചെയ്ത തുകകൾ ഉൾപ്പെടുന്ന തുകയാണ് ചെക്ക് ഡെപ്പോസിറ്റ് ചെയ്ത് കളക്ഷനാകുവാനുള്ള തുകയായി റീ കൺസിലേഷൻ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 21.02.2023 ൽ നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

C) കാനറാ ബാങ്ക് തനത്ഫണ്ട് അക്കൗണ്ട് (737101022921) ബാങ്ക് ബുക്കിൽ ഇത്തരത്തിൽ 32,99,333/-രൂപ പേയ് മെന്റ് ചെയ്ത് പിന്നീട് മാർച്ച് മാസം റസീപ്റ്റ് ജനറേറ്റ് ചെയ്തതായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയോടൊപ്പമുള്ള 31.3.2022 മുതൽ 4.4.2022 വരെയുള്ള ബാങ്ക് ബുക്ക് പകർപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റീകൺസിലേഷൻ പത്രികയിൽ പ്രസ്തുത തുക ക്രമീകരിക്കുവാനായി ചെക്ക് ഡെപ്പോസിറ്റ് ചെയ്തത് കളക്ഷനാകുവാനുള്ളത് എന്നയിനത്തിൽ ഉൾപ്പെടുത്തിയ തുകയിൽ ഇതുപ്രകാരമുള്ള 27,49,434/- രൂപയാണ് ഉൾപ്പെട്ടിട്ടുള്ളത് വിശദാംശം ചുവടെ ചേർക്കുന്നു.

| കാനറാ ബാങ്ക് തനത്ഫണ്ട് 737101022921 ബാങ്ക് ബുക്കിൽ മാർച്ച് മാസം റസീപ്റ്റ് ജനറേറ്റ് ചെയ്ത തുക | | റീകൺസിലേഷൻ പത്രികയിൽ ചെക്ക് ഡെപ്പോസിറ്റ് ചെയ്തത് കളക്ഷനാകുവാനുള്ളത് എന്നയിനത്തിൽ ഉൾപ്പെടുത്തിയ തുക |
|---|---|---|
| വൗച്ചർ നം. തി. | തുക | തുക |
| 22100826 -31/3/22 | 400 | 400 |
| 22100877 | 2675 | 2675 |
| 22100832 | 3000 | 3000 |
| 22100833 | 5500 | 5500 |
| 22100835 | 16500 | 16500 |
| 22100836 | 200000 | |
| 22100837 | 263620 | 263620 |
| 22100838 | 440 | 440 |
| 22100862 | 29340 | 29340 |
| 22100854 | 1500000 | 1500000 |
| 22100853 | 246210 | 246210 |
| 22100852 | 86124 | 86124 |
| 22100851 | 1540 | 1540 |
| 22100847 | 57000 | 57000 |
| 22100846 | 204900 | 204900 |
| 22100845 | 349899 | - |
| 22100843 | 20000 | 20000 |
| 22100842 | 92500 | 92500 |
| 22100841 | 199920 | 199920 |
| 22100839 | 15505 | 15505 |
| 22100863 | 1500 | 1500 |
| 1210000582 | 2760 | 2760 |
| | 32,99,333/- | 27,49,434/- |

വ്യത്യാസത്തിനുള്ള കാരണം പരിശോധിച്ച് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പിൽ സംഭവിച്ച അപാകത ക്രമപ്പെടുത്തി വിശദമായ റിപ്പോർട്ടും, കൃത്യമാക്കിയ റീകൺസിലേഷൻ റിപ്പോർട്ടും ഭരണ സമിതി തീരുമാനം സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

D) മേൽ ബാങ്ക് അക്കൗണ്ടിന്റെ റീകൺസിലേഷൻ പത്രികയിൽ ചെക്ക് ഇഷ്യ ചെയ്തത് ക്യാഷ് ചെയ്യുവാനുള്ളതായി ഉൾപ്പെടുത്തിയ 3,68,139/- രൂപയിൽ ചുവടെ ചേർത്ത ചെക്കുകൾ കാലാവധി കഴിഞ്ഞവയാണ് . പ്രസ്തുത ചെക്കുകൾ റദ്ദാക്കി തുക ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ചെക്ക്.നം , തിയതി | തുക |
|---|---|
| 315335/16-9-21 | 1,026/- |
| 878204/21-6-2021 | 300/- |
| 878202/21-6-2021 | 2,300/- |
| 582480/29-12-2021 | 1,800/- |

E) എസ്.ബി.ഐ തനത് ഫണ്ട്.(37177467731) ബാങ്ക് അക്കൗണ്ടിന്റെ റീകൺസിലേഷൻ പത്രികയിൽ ചെക്ക് ഇഷ്യ ചെയ്തത് ക്യാഷ് ചെയ്യുവാനുള്ളതായി ഉൾപ്പെടുത്തിയ 6,557/- രൂപ യുടെ ചെക്കുകൾ കാലാവധി കഴിഞ്ഞവയാണ് . പ്രസ്തുത ചെക്കുകൾ റദ്ദാക്കി തുക ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ചെക്ക്.നം , തിയതി | തുക |
|---|---|
| ..27721/17-9-2021 | 176/- |
| ..154301/23-11-2021 | 176/- |
| ..154450/23-11-2021 | 176/- |
| ..127647/17-9-2021 | 178/- |
| ..638170/21-10-2021 | 175/- |
| ..154378/23-11-2021 | 176/- |
| ..127691/17-9-2021 | 178/- |
| ..180163/9-11-2021 | 5,322/- |

അതുപോലെ കളക്ഷനാകുവാനുള്ള ചെക്കുകൾ എന്നയിനത്തിൽ ഉൾപ്പെടുത്തിയ 1,63,046/- രൂപയിൽ കാലാവധികഴിഞ്ഞ നിരവധി ചെറിയ തുകകൾ (ഓൺലൈൻ പേയ്മെന്റ്) ഉൾപ്പെട്ട് കാണുന്നു. ഇവയും പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

F) എൽ.ജി.ടി.എസ്.ബി ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 10 ലക്ഷം രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക ഈ അക്കൗണ്ടിലെ പ്രകാരം നീക്കിയിരിപ്പ് 34,46,293/-രൂപയാണ്. വർഷാന്ത്യ റീകൺസിലേഷൻ പത്രിക പ്രകാരം ചെക്ക് ലഭിച്ച് ക്ലിയർ ചെയ്യുവാനുള്ളതായി രേഖപ്പെടുത്തിയ 24.46.293/- രൂപ യഥാർത്ഥത്തിൽ ലഭിക്കുവാനുള്ള തുകയല്ല. (മാർച്ച് മാസം പേയ്മെന്റ് ചെയ്യുകയും ചെലവ് 4/22 ൽ ആവുകയും പിന്നീട് ക്യാൻസൽ ചെയ്ത് മാർച്ചിൽ പേയ്മെന്റ് ചെയ്യുകയും ചെയ്തവ) ഇതിൽ ഉൾപ്പെട്ട 2,230/-, 1,700/-, 3,000/- , 11,79,530/-, 18,536/-, 12,09,505/-, 9,670/- എന്നീ തുകകൾ 3/22 ൽ പേയ്മെന്റിൽ ക്രമീകരിച്ചതായി സെക്രട്ടറി നല്കിയ മറുപടിയോടോപ്പമുള്ള ബാങ്ക് ബുക്ക് പകർപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയിൽ ഉൾപ്പെട്ട 11,200/- , 10,922/- എന്നീ തുകകളുടെ പേയ്മെന്റ് ക്രമീകരിച്ചതായി കാണുന്നില്ല. ആയത് പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പിൽ സംഭവിച്ച അപാകത ക്രമപ്പെടുത്തി വിശദമായ റിപ്പോർട്ടും, കൃത്യമാക്കിയ റീകൺസിലേഷൻ റിപ്പോർട്ടും ഭരണ സമിതി തീരുമാനം സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

മേൽ പരാമർശിച്ച നാല് അക്കൗണ്ടുകളുടേയും നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് തെറ്റായിട്ടാണ്. ഇത് സംബന്ധിച്ച എൻക്വയറിയ്ക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പ്രാഥമിക മറുപടി ഓഡിറ്റ് വേളയിൽ (21.02.2023 ൽ) ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അപാകതകൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് ഭരണ സമിതി തീരുമാനം സഹിതമുള്ള വിശദമായ മറുപടി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-2-2 <u>പ്രത്യേക ഉദ്ദേശ പദ്ധതി പലിശ വരവ് ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല.</u>

എ) ചുവടെ ചേർത്ത ഇനങ്ങൾക്ക് തൻവർഷം ലഭിച്ച പലിശ തുകകൾ ബന്ധപ്പെട്ട ബാധ്യതാ ഹെഡ്ഡിൽ ഉൾപ്പെടുത്താതെ പലിശവരവിൽ ഉൾപ്പെടുത്തിയതിനാൽ ഈ ഇനങ്ങളുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പും ബാലൻസ് ഷീറ്റിൽ ബാധ്യതയിൽ ഉൾപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമനം. | ഇനം | രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ബി4ൽ ഉൾപ്പെട്ട തുക |
|---|---|---|---|
| 1 | കുടിവെള്ള പദ്ധതി ഫണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചത് (കെ.ജി.ബി | 11,14,269/- | 10,81,459/- |
| 2 | എസ്.എസ്.എ (സഹകരണ ബാങ്ക്) | 19,271/- | 18,530/- |

| | | | |
|---|---|---|---|
| 3 | സാക്ഷരത (സഹകരണ ബാങ്ക്) | 24,970/- | 24,010/- |

ബി) ജലനിധി ബാങ്ക് അക്കൗണ്ടിൽ തൻവർഷം വരവ് വന്ന 9,480/- രൂപ പ്രസ്തുത ഹെഡ്ഡിൽ ഉൾപ്പെടുത്താതെ RP 14 ൽ ഹെഡ്ഡ് 230100199 ലാണ് വരവിലെടുത്ത് കാണുന്നത് ഇതുമൂലം ഇത് മൂലം ജല നിധി അക്കൗണ്ട് നീക്കിയിരിപ്പും ബി4 ൽ ബാധ്യതയിൽ ഉൾപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല ഇവ തമ്മിൽ 9,480/- രൂപ വ്യത്യാസമുണ്ട് (1,02,77,675-1,02,68,195)

സി) ട്രഷറി പഴയ അക്കൗണ്ടിൽ (0002934) 13,000/- രൂപ തൻവർഷം വരവ് വന്നിട്ടുണ്ട്. പ്രസ്തുത തുക ഏതിനത്തിലുള്ള തുകയാണെന്ന് വ്യക്തമല്ല . തൻവർഷം ചെലവഴിക്കാത്ത പ്രസ്തുത തുക ബാധ്യതയിൽ ഉൾപ്പെടുത്തിക്കാണുന്നുമില്ല. തുക ലഭ്യമാക്കിയ സ്ഥാപനവുമായി ബന്ധപ്പെട്ട് തുകയുടെ കൃത്യത മനസ്സിലാക്കി വിനിയോഗിക്കുവാനോ, തുക ആവശ്യമില്ലാത്ത പക്ഷം തിരികെ നൽകുവാനോ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-2-3 ബാധ്യതാ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

എ) ബാലൻസ് ഷീറ്റിൽ ബി4 ഷെഡ്യൂളിൽ 320100153, 320200301, 320200307, 320200307, 320200399, 320300199, 320400199, 320800199 എന്നിവയിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുക. വിനിയോഗിക്കുവാനുള്ള തുകകൾ വിനിയോഗിക്കേണ്ടതും, മറ്റ് ഏജൻസികൾക്ക് കൈമാറേണ്ട തുകകൾ കൈമാറുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ആശ്രയ പദ്ധതിയ്ക്കായി 11.6.2020 ൽ ലഭിച്ച 5,75,406/- രൂപ (ഹെഡ്ഡ് -320300199) നാളിതുവരെ സി.ഡി.എസിന് കൈമാറിയിട്ടില്ല .

ബി) ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂൾ പ്രകാരം സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കേണ്ട തുകകൾ ഒടുക്കി വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-2-4 ജല നിധി പദ്ധതി മെയിന്റനൻസിന് കിഫ്ബിയിൽ നിന്നും ലഭിച്ച തുക ഡെപ്പോസിറ്റ് വരവിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ ... ലെ ... നമ്പർ തീരുമാന പ്രകാരം ജല നിധി പദ്ധതി മെയിന്റനൻസിന് കിഫ്ബിയിൽ നിന്നും ലഭിച്ച 25,50,000/- രൂപയിൽ , 5,50,000/- രൂപ ചെലവഴിച്ചതായും അവശേഷിക്കുന്ന 20,00,000/- രൂപ തനത് ഫണ്ടിൽ നിന്നും കേരളാ ബാങ്ക് അക്കൗണ്ട് നം.150201201000006 ലേക്ക് മാറ്റി നിക്ഷേപിക്കാനും തീരുമാനിച്ചു. പ്രസ്തുത തുക 31.3.2022ൽ കേരള ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. വാർഷിക കണക്കിൽ മറ്റ് ഡെപ്പോസിറ്റുകൾ എന്ന ഹെഡ്ഡിലാണ് (340200199) വരവിലെടുത്തിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് പ്രത്യേക ഉദ്ദേശ പദ്ധതിയ്ക്കായി ലഭിച്ച തുകയാണെങ്കിൽ (ഉത്തരവ് ലഭ്യമാക്കിയില്ല) ആയതുമായി ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-2-5 പെൻഷൻ ഡി.ബി.റ്റി ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ഡി.ബി.റ്റി മുഖേന ഗുണഭോക്താക്കൾക്ക് കൈമാറിയ ക്ഷേമ പെൻഷൻ തുകകളുടെ വിശദാംശം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. വാർഷിക ധനകാര്യപത്രികയിൽ പ്രസ്തുത ഇനങ്ങളുടെ വരവ് ചെലവ് വിവരങ്ങൾ ഉൾപ്പെടാതെ പോകുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 97,04,100 |
| വിധവാപെൻഷൻ | 1,28,27,900 |

| | |
|---|---|
| വാർദ്ധക്യകാലപെൻഷൻ | 3,26,40,100 |
| വികലാംഗപെൻഷൻ | 6,25,000 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 4,86,400 |

1-2-6 ലൈഫ് ഭവന പദ്ധതി വായ്പാ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

ഗ്രാമ പഞ്ചായത്ത് എടുത്തിട്ടുള്ള വായ്പാ തുകകളുടെ കൃത്യമായ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് വായ്പാ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ലൈഫ് ഭവന പദ്ധതി വായ്പാ വിവരങ്ങൾ, തിരിച്ചടവ് വിവരങ്ങൾ എന്നിവ വായ്പാ രജസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല ഇതിനാൽ ലൈഫ് ഭവന പദ്ധതി പ്രകാരം ലഭിച്ച വായ്പാ തുക , തിരിച്ചടവ് , അവശേഷിക്കുന്ന തുക എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ബാലൻസ് ഷീറ്റിൽ ഹെഡ്330500201 ൽ രണ്ട് വായ്പയുടേതുമായി തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുകയായി ഉൾപ്പെടുത്തിയ 95,92,333/- രൂപയുടെ വായ്പ ഇനം തിരിച്ചുള്ള വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 3,03,19,536 |
| വരവ് | 11,27,72,155 |
| ആകെ | 14,30,91,691 |
| ചെലവ് | 9,95,64,541 |
| നീക്കിയിരിപ്പ് | 4,35,27,150 * |

(* വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകയിൽ പൊരുത്തക്കേടുണ്ട് വിശദവിവരം ഖണ്ഡിക 1-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2021-22)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18339053 | 18339053 | 18180829 | 158224 | 99 |
| വികസനഫണ്ട് എസ്.സി.പി. | 0 | 432429 | 432429 | 406000 | 26429 | 93.88 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4083947 | 4083947 | 4083947 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 24237107 | 24237107 | 18926930 | 5310177 | 78.09 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7943505 | 7943505 | 6853885 | 1089620 | 86.28 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് | 0 | 3601690 | 3601690 | 3456181 | 145509 | 95.95 |
| ധനകാര്യ കമ്മീഷൻ | 0 | 5330102 | 5330102 | 4360199 | 969903 | 81.80 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്(tied)- | | | | | | |
| ആകെ | 0 | 6,39,67,833/- | 6,39,67,833/- | 56267971/- | 7699862 | 87.96 |

(വികസനഫണ്ട് ജനറൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 24,13,801/- രൂപയും , ടി.എസ്.പി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത 4,54,666/- രൂപയും മേൽപട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15767028 | 15767028 | 15767028 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 406000 | 406000 | 406000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3629281 | 3629281 | 3629281 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 18926930 | 18926930 | 18926930 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6853885 | 6853885 | 6853885 | 0 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് Try | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് Bank | 0 | 3381000 | 3381000 | 3381000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)- Try | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)- Bank | 0 | 5072000 | 5072000 | 4435380 | 636620 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് പലിശ | 0 | 62957 | 62957 | 0 | 62957 |
| ബിഫണ്ട് | | | | | |
| വിവാഹ ധനസഹായം | 0 | 60,000 | 60,000 | 60,000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 0 | 21,03,780 | 21,03,780 | 21,03,780 | 0 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്) | 0 | 69,96,053 | 69,96,053 | 69,96,053 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 52,612 | 10,79,869 | 11,32,481 | 11,32,450 | 31 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 4,13,543 | 11,52,276 | 15,65,819 | 8,72,800 | 6,93,019 |
| പൈക്ക | 20000 | 0 | 20000 | 0 | 20000 |
| എസ്.എസ്.എ | 18,530 | 741 | 19271 | 0 | 19271 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 24010 | 960 | 24970 | 0 | 24970 |
| ശുചിത്വ മിഷൻ | 956251 | 1466825 | 2423076 | 2423076 | |
| Kwa ഫണ്ട് | 1081459 | 32810 | 1114269 | 0 | 1114269 |
| ജലനിധി | 11313985 | 1571457 | 12885442 | 2607767 | 10277675 |
| കോർപ്പസ് ഫണ്ട് | - | 2400000 | 2400000 | 2400000 | - |
| മറ്റ് അവാർഡുകൾ | 621900 | 1300000 | 1921900 | 1500000 | 421900 |
| നിർമ്മൽ പുരസ്കാരം | 420000 | 0 | 420000 | 0 | 420000 |

കുറിപ്പ് : 1) ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ട് ഉൾപ്പടെ വിവിധ അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതിൽ പൊരുത്തക്കേടുണ്ട്. ഇക്കാര്യം ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.

2) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,34,60,060/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

3) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2021-22 വർഷം 7,37,56,557/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 148875210 | 140 | 83959646 | - | 24 | 85 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 30 | 17744233 | 20 | 8312168 | 46.84 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 2283574 | 3 | 2010969 | 88.06 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 81 | 35416838 | 70 | 29747512 | 83.99 |
| 4 | കൃഷി ഓഫീസർ | 6 | 2349843 | 6 | 1865467 | 79.38 |
| 5 | വെറ്ററിനറി സർജ്ജൻ | 6 | 4790000 | 6 | 2956000 | 61.71 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 71287451 | 13 | 24569120 | 34.46 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6130945 | 7 | 6105674 | 99.58 |
| 8 | പ്രധാനധ്യാപകൻ | 2 | 380400 | 2 | 380400 | 100 |
| 9 | മെഡിക്കൽ ഓഫീസർ ആയൂർവ്വേദം | 1 | 600000 | 1 | 600000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി | 9 | 4641926 | 8 | 4238809 | 91.31 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 650000 | 2 | 649527 | 99.9 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2600000 | 2 | 2524000 | 97.07 |
| | ആകെ | 164 | 148875210 | 140 | 83959646 | 56.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 52,612 | 10,79,869 | 11,32,481 | 11,32,450 | 31 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് | 0 | 7,37,56,557 | 7,37,56,557 | 7,37,56,557 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകിയത് | | | | | |
| ആകെ | 52612 | 7,48,36,426 | 7,48,89,038 | 7,48,89,007 | 31 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 4663 പദ്ധതികളുൾപ്പെടുന്ന 172.08 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 374 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 178179 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 824 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ( ഡി.ബി.റ്റി മുഖേന ഗുണഭോക്താക്കൾക്ക് കൈമാറിയ ക്ഷേമ പെൻഷൻ തുകകളുടെ വിശദാംശം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയാണ് ചുവടെ ചേർത്തിട്ടുള്ളത്)

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 97,04,100 | 530 |
| വിധവാപെൻഷൻ | 1,28,27,900 | 687 |
| വാർദ്ധക്യകാലപെൻഷൻ | 3,26,40,100 | 1840 |
| വികലാംഗപെൻഷൻ | 6,25,000 | 344 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 4,86,400 | 28 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60,000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-02-2023 തീയതിയിൽ 1.15 P.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 16,064/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, പൊതു ജനങ്ങൾക്ക് സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

2) വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. വാർഷികധനകാര്യ പത്രിക തയ്യാക്കിയതിൽ ഗൗരവ തരമായ അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി ആയത് ഈ റിപ്പോർട്ടിൽ ഖണ്ഡിക 1-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ പരിപാലിക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും, ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

3) ഓഫീസ് മീറ്റിങ്ങ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്.ഓഡിറ്റ് വർഷം 3തവണ മാത്രമാണ് ഓഫീസ് മീറ്റിംഗ്

ചേർന്നിട്ടുള്ളത്. (31/8/2021, 2/03/2022, 23/03/2022) . ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

4) ഓഡിറ്റ് വർഷം ഭരണ സമിതി 28 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം, ക്ഷേമം , ആരോഗ്യ വിദ്യാഭ്യസം , എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്. എന്നാൽ കണക്കുകളുടെ സൂക്ഷിപ്പിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ വിവിധ അക്കൗണ്ടുകളുടെ നീക്കിയിരിപ്പിൽ പൊരുത്തക്കേട് ഉണ്ടായിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രതിമാസ കണക്കുകളുടെ പരിശോധനയോടൊപ്പം പ്രതിമാസ റീകൺസിലേഷൻ പത്രികയും പരിശോധിച്ച് കണക്കുകൾ പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

5) 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ആസൂത്രണ സമിതി 01/02/2021, 02/02/2021 തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്. 20/02/2021 ന് വികസന സെമിനാർ നടത്തി . 2021-22 വർഷത്തെ പദ്ധതി അവലോകനവുമായി ബന്ധപ്പെട്ട് വിവിധ തിയതികളിലായി നിർവ്വഹണ ഉദ്യോഗസ്ഥരെയുൾപ്പെടുത്തി 11 യോഗങ്ങൾ ചേർന്നിട്ടുണ്ട്.

6) ഗ്രാമപഞ്ചായത്തിന്റെ പ്രവർത്ത ചെലവ് വർദ്ധിക്കുന്നതനുസരിച്ച് പ്രധാന നികുതി വരുമാനമാന ഇനങ്ങളിൽ തതനുസൃതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും, നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിക്കാൻ/പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചാൽ തനത് നികുതി വരുമാന വർദ്ധനവിന് സഹായകരമായിരിക്കും .

7) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

8) കുടിശ്ശിക ഓഡിറ്റ് ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടികൾ പരിശോധിച്ച് 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കിയിട്ടുണ്ട്. ഓഡിറ്റ് മോണിറ്ററിംഗ് സമിതി മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് കുടിശ്ശിക ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തുവാനും, നിർദ്ദേശങ്ങൾ നല്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 07/04/2021, 15/11/2021, 16/02/2022, 05/03/2022, 14/03/2022, 22/03/2022 എന്നീ തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം വാങ്ങുന്ന സാധന സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സാങ്കേതിക വിദഗ്ദരെ ഉൾപ്പെടുത്തി പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുവാനുള്ള നടപടികൾ കൂടി പ്രൊക്യൂർമെന്റ് കമ്മിറ്റി

സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും

10) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

11) ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നുണ്ട്. വായ്പാ രജിസ്റ്ററിൽ ലൈഫ് ഭവന പദ്ധതി വായ്പാ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുത ചാർജ്ജ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം പോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ പരിഷ്കരിക്കുവാനും, കാലാനുസൃതമായ മാറ്റങ്ങൾ ചേർത്ത് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

12) സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം -മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും യഥാസമയം ഒഴിവാക്കുന്നില്ല - ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം തുടർന്നു-അപാകതകൾ

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാത് മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. തുടർന്ന് ധനകാര്യ എസ്.എഫ്.സി -ബി വകുപ്പിന്റെ സർക്കുലർ നം.63/2021/ധന തിയതി 02.08.2021 സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ 2020, 2021,2022 ൽ ഡെത്ത് രജിസ്ട്രേഷൻ ചെയ്തതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ ആധാർ വിവരങ്ങൾ ലഭ്യമായവ സേവന സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ഗ്രാമ പഞ്ചായത്ത് മുഖേന സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങി വന്നിരുന്ന ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് അവരുടെ മരണ ശേഷവും പെൻഷൻ അനുവദിച്ചതായി കാണുകയുണ്ടായി . വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച |

| | | | | | തുക |
|---|---|---|---|---|---|
| 1 | മേരി തോമസ് (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 112090600467 | 15.05.2021 | 2021ജൂൺ മുതൽ 2022നവംബർ വരെ | 1,600 X 18 28,800 |
| 2 | അന്നക്കുട്ടി (കർഷക തൊഴിലാളി പെൻഷൻ) | 112090100502 | 04.05.2021 | 2021 ജൂൺ മുതൽ 2022 നവംബർ വരെ | 1,600 X 18 28,800 |
| 3 | ഫാത്തിമ ബീവി (കർഷക തൊഴിലാളി പെൻഷൻ) | 112090100705 | 01.05.2021 | 2021 ജൂൺ മുതൽ 2022 നവംബർ വരെ | 1,600 X 18 28,800 |
| 4 | രാജപ്പൻ.പി.പി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112090201046 | 19.04.2021 | 2021 മെയ് മുതൽ 2022 ഡിസംബർ വരെ | 1,600 X 20 32,000 |
| 5 | അന്നക്കുട്ടി (കർഷക തൊഴിലാളി പെൻഷൻ) | 112090100403 | 06.10.2021 | 2021 നവംബർ മുതൽ 2022 നവംബർ വരെ | 1,600 X 13 20,800 |
| 6 | ജോർജ്ജ് വി.എം (കർഷക തൊഴിലാളി പെൻഷൻ) | 112090100423 | 22.09.2021 | 2021ഒക്ടോബർ മുതൽ 2022 നവംബർ വരെ | 1,600 X 14 22,400 |
| 7 | വർക്കി (ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ) | 112090400030 | 02.08.2021 | 2021സെപ്റ്റംബർമുതൽ 2021ഡിസംബർ വരെ | 1,600 X 4 6,400 |
| 8 | വർക്കി മത്തായി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112090200101 | 20.07.2021 | 2021 ആഗസ്റ്റ് മുതൽ 2022 ആഗസ്റ്റ് വരെ | 1,600 X 13 20,800 |
| 9 | മറിയാമ്മ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112090200779 | 24.06.2021 | 2021ജൂലായ് മുതൽ 2021 സെപ്റ്റംബർ വരെ | 1,600 X 4 6,400 |
| 10 | ജോസഫ് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112110201291 | 29.04.2021 | 2021 മെയ് മുതൽ 2021 ആഗസ്റ്റ് വരെ | 600 X 4 2,400 |
| 11 | തോമസ് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112090201030 | 25.04.2021 | 2021 മെയ് മുതൽ 2021 ഡിസംബർ വരെ | 600 X 8 4,800 |
| 12 | ചാക്കോ ദേവസ്യ (കർഷക തൊഴിലാളി പെൻഷൻ) | 112090100298 | 09.04.2021 | 2021 മെയ് മുതൽ 2022 സെപ്റ്റംബർ വരെ | 1,600 X 17 27,200 |
| 13 | ജോൺ.ഇ.എൻ (ഇന്ദിരാ ഗാന്ധി ദേശീയ | 112090201145 | 01.01.2021 | 2021 ഫെബ്രുവരി മുതൽ 2021 മാർച്ച് വരെ | 1,500 X 2 3,000 |

| | | | | | |
|---|---|---|---|---|---|
| | വാർദ്ധക്യ കാല പെൻഷൻ) | | | 2021 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെ | 1,600 X 6 9,600 |
| 14 | കുഞ്ഞികൃഷ്ണൻ.കെ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112090200926 | 27.10.2020 | 2020 നവംബർ മുതൽ 2020ഡിസംബർ വരെ | 1,400 X 2 2,800 |
| | | | | 2021ജനവരി മുതൽ 2021മാർച്ച് വരെ | 1,500 X 3 4,500 |
| | | | | 2021ഏപ്രിൽ മുതൽ 2022ജൂൺ വരെ | 1,600 X 15 24,000 |
| 15 | ഏലിയാമ്മ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112090201754 | 13.09.2020 | 2020ഒക്ടോബർ മുതൽ 2021മാർച്ച് വരെ | 1,500 X 6 9,000 |
| | | | | 2021ഏപ്രിൽ മുതൽ 2021മെയ് വരെ | 1,600 X 2 3,200 |
| 16 | അഗസ്റ്റി (കർഷക തൊഴിലാളി പെൻഷൻ) | 112090100458 | 18.08.2020 | 2020സെപ്റ്റംബർ മുതൽ 2020ഡിസംബർ വരെ | 1,400 X 4 5,600 |
| | | | | 2021ജനവരി മുതൽ 2021മാർച്ച് വരെ | 1,500 X 3 4,500 |
| | | | | 2021ഏപ്രിൽ മുതൽ 2022 നവംബർ വരെ | 1,600 X 20 32,000 |
| 17 | യൂസഫ് .ടി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112090201126 | 13.08.2020 | 2020സെപ്റ്റംബർ മുതൽ 2022 നവംബർ വരെ | 600 X 27 16,200 |
| 18 | ചെല്ലപ്പൻ നാരായണൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112090200083 | 28.07.2020 | 2020ആഗസ്റ്റ് മുതൽ 2021 ഒക്ടോബർ വരെ | 600 X 15 9,000 |
| | | | | 2021നവംബർ മുതൽ 2021ഡിസംബർ വരെ | 1,600 X 2 3,200 |
| 19 | എൽസമ്മ (ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ) | 112090400072 | 15.04.2020 | 2020മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1,300 X 4 5,200 |
| | | | | 2020സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 4 5,600 |
| | | | | 2021ജനവരി മുതൽ 2021 മാർച്ച് വരെ | 1,500 X 3 4,500 |
| | | | | 2021ഏപ്രിൽ മുതൽ 2022 നവംബർ വരെ | 1,600 X 20 32,000 |
| 20 | രാഘവൻ. ടി.എ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112090200197 | 06.02.2020 | 2020മാർച്ച് മുതൽ 2021 മാർച്ച് വരെ | 1,500 X 13 19,500 |
| | | | | 2021ഏപ്രിൽ മുതൽ 2021 ഒക്ടോബർ വരെ | 1,600 X 7 11,200 |
| | | | | ആകെ | 4,34,200 |

മേൽ വിഷയം പരിശോധിച്ച് ഇക്കാര്യം മരണപ്പെട്ടവരുടെ ബന്ധുക്കളെ അറിയിച്ച് അനർഹമായി അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിലേയ്ക്ക് ഒടുക്കി രേഖകൾ പരിശോധനയ്ക്ക്

ലഭ്യമാക്കേണ്ടതാണ്.

(ബി) കർഷക പെൻഷൻ

2020, 2021, 2022 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ 20ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണ ശേഷവും 7,35,200/- രൂപ കർഷക പെൻഷൻ അനുവദിച്ചതായി ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി.

ഈ വിഷയം ഓഡിറ്റ് എൻക്വയറി 09/20.02.2023 മുഖേന നിർവ്വഹണ ഉദ്യോഗസ്ഥ കൃഷി ഓഫീസറെ അറിയിക്കുകയുണ്ടായി. ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥ കൃഷി ഓഫീസർ ലഭ്യമാക്കിയ 03.03.2023 തീയതിലെ കെ.ബി.ഇ.ഇ 23/22-23 നമ്പർ മറുപടി പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് അവരുടെ മരണശേഷം നിക്ഷേപിച്ച തുക ₹6,22,040/- സർക്കാറിലേക്ക് തിരിച്ചടച്ചതായി അറിയിക്കുകയുണ്ടായി. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് സർക്കാർ ഖജനാവിന് നേരിട്ട നഷ്ടം തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിച്ച ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് കൃഷി ഓഫീസർ ശ്രീമതി ഉമ.എസ് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. അവശേഷിക്കുന്ന 1,13,160/-രൂപ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും, കർഷക പെൻഷൻ ഗുണഭോക്തൃ പട്ടിക പരിശോധിച്ച് മരണപ്പെട്ടവരെയും, അർഹതയില്ലാത്തവരേയും ഒഴിവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | പേര് | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | മാസം | അനുവദിച്ച തുക |
| 1 | രവീന്ദ്രൻ.വി.കെ | 2220353392 | 19.04.2020 | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1,300 X 4 5,200 |
| | | | | 2020 സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 4 5,600 |
| | | | | 2021 ജനുവരി മുതൽ 2021 മാർച്ച് വരെ | 1,500 X 3 4,500 |
| | | | | 2021ഏപ്രിൽ മുതൽ 2021 ആഗസ്റ്റ് വരെ | 1,600 X 5 8,000 |
| 2 | തോമസ് വി.ടി | 2220257135 | 17.06.2021 | 2021 ജൂലായ് മുതൽ 2022 നവംബർ വരെ | 1,600 X 17 27,200 |
| 3 | കുമാരൻ | 2220257154 | 21.01.2020 | 2020 ഫെബ്രുവരി മുതൽ 2020ഏപ്രിൽ വരെ | 1,220 X 3 3,660 |
| | | | | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1,300 X 4 5,200 |
| | | | | 2020 സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 4 5,600 |
| | | | | 2021 ജനുവരി മുതൽ 2021 മാർച്ച് വരെ | 1,500 X 3 4,500 |
| | | | | 2021ഏപ്രിൽ മുതൽ 2022 നവംബർ വരെ | 1,600 X 20 32,000 |
| | ഈ ഗുണഭോക്താവിന്റെ 50,960 രൂപയിൽ 24,000 രൂപ അടച്ച ബാക്കി 26,960 | | | | |
| 4 | വർഗ്ഗീസ് | 2220257210 | 04.08.2020 | 2020 സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 4 5,600 |

| | | | |
|---|---|---|---|
| | | 2021 ജനുവരി മുതൽ 2021 മാർച്ച് വരെ | 1,500 X 3 4,500 |
| | | 2021ഏപ്രിൽ മുതൽ 2022 സെപ്റ്റംബർ വരെ | 1,600 X 18 28,800 |
| | ഈ ഗുണഭോക്താവിന്റെ 38,900 രൂപയിൽ 3,200 രൂപ അടച്ച ബാക്കി 35,700 | | |
| | | ആകെ | 1,13,160 |

സി) ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് നിലവിലും പെൻഷൻ അനുവദിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി പ്രസ്തുത വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്.

| ക്രമ നം | പേര് | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | മാസം | അനുവദിച്ച തുക |
| 1 | സി.എ ജോസഫ് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ - ഏരുവശ്ശി ഗ്രാമ പഞ്ചായത്ത് ) | 111210200688 | 17.09.2021 | 2021 ഒക്ടോബർ മുതൽ 2022 നവംബർ വരെ | 1,600 X 14 22,400 |
| 2 | ജോൺ.ഇ.കെ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ -വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് ) | 112110202081 | 20.04.2021 | 2021 മെയ് മുതൽ 2022 ഏപ്രിൽ വരെ | 1,600 X 12 19,200 |
| 3 | കുഞ്ഞച്ചൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ -റാന്നി പെരുനാട് ഗ്രാമ പഞ്ചായത്ത് ) | 104000200361 | 09.07.2020 | 2020 ആഗസ്റ്റ് മുതൽ 2021 മാർച്ച് വരെ | 1,500 X 8 12,000 |
| | | | | 2021ഏപ്രിൽ മുതൽ 2022 നവംബർ വരെ | 1,600 X20 32,000 |
| 4 | ജോസഫ്.സി.സി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ -ചെറുപുഴ ഗ്രാമ പഞ്ചായത്ത് ) | 111070202905 | 07.07.2020 | 2020 ആഗസ്റ്റ് മുതൽ 2021 മാർച്ച് വരെ | 1,400 X 8 11,200 |
| | | | | 2021ഏപ്രിൽ മുതൽ 2022 നവംബർ വരെ | 1,600 X20 32,000 |
| 5 | എൽസമ്മ ജോർജ്ജ് (കർഷക തൊഴിലാളി പെൻഷൻ – ചെറുപുഴ ഗ്രാമ പഞ്ചായത്ത് ) | 111070101089 | 01.02.2020 | 2020 മാർച്ച് മുതൽ 2020ഏപ്രിൽ വരെ | 1,220 X 2 2,440 |
| | | | | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1,300 X 4 5,200 |

| | | |
|---|---|---|
| | 2020 സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 4 5,600 |
| | 2021 ജനവരി മുതൽ 2021 മാർച്ച് വരെ | 1,500 X 3 4,500 |
| | 2021ഏപ്രിൽ മുതൽ 2022 നവംബർ വരെ | 1,600 X 20 32,000 |
| | ആകെ | 1,78,540 |

2020, 2021, 2022 ൽ ഗ്രാമ പഞ്ചായത്തിൽ ഡെത്ത് രജിസ്ട്രേഷൻ ചെയ്തതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ ആധാർ വിവരങ്ങൾ ലഭ്യമായവ സേവന സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. സാമൂഹ്യ സുരക്ഷപെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ, സർക്കാർ നിർദ്ദേശിച്ച രീതിയിൽ പരിശോധിച്ച് മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി.നം.09തിയതി.20.02.2023) പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല)

1-11 സാന്ത്വന പരിചരണം - സർക്കാർ മാർഗ്ഗരേഖ പാലിക്കാതെ തുക ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , എഫ്.എച്ച്.സി ചിറ്റാരിക്കാൽ |
| പ്രോജക്ട് നം. | S0044/22, S0106/22, |
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം |

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പാക്കിയ സാന്ത്വന പരിചരണം (പ്രോജക്ട് നം. S0044/22, S0106/22, ) പദ്ധതി പ്രകാരം 8,54,055/- ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29.10.2015 പ്രകാരം പുറപ്പെടുവിച്ച പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗ രേഖ സ.ഉ(എം.എസ്)നം.553/2019 /തസ്വഭവ തിയതി.07.03.2019 പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയതിന് 01.04.2019 മുതൽ പ്രാബല്യം ഉണ്ട്.

സ.ഉ(എം.എസ്)നം.553/2019/തസ്വഭവ തിയതി.07.03.2019 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ രേഖയിലെ ഖണ്ഡിക 2.6.5 ലെ കുറിപ്പ് പ്രകാരം ഹോം കെയർ ടീമിന് പരമാവധി 6 പേർക്ക് ആവശ്യമായി വരുന്ന ഭക്ഷണ ചെലവ് ഹോം കെയറിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് ഒരു ദിവസം 80 രൂപ എന്ന നിരക്കിൽ പ്രോജക്ടിൽ വകയിരുത്തി പി.എം.സി യുടെ തീരുമാന പ്രകാരം തുക ചെലവഴിക്കാവുന്നതാണ്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ പാലിയേറ്റീവ് ഹോം കെയർ ടീമിന്റെ ഭക്ഷണച്ചെലവിലേക്കായി അധിക നിരക്കിൽ തുക ചെലവഴിച്ചതായി ശ്രദ്ധയിൽപെടുകയുണ്ടായി.

പാലിയേറ്റീവ് ഹോം കെയർ ടീമിന് ഭക്ഷണച്ചെലവ് അനുവദിച്ചപ്പോൾ സർക്കാർ മാർഗ്ഗ രേഖ പ്രകാരം അനുവദനീയമായ പരിധിയിൽ നിജപ്പെടുത്താതെ ഭക്ഷണ ചെലവ് അനുദിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ പാലിയേറ്റീവ് മോണിറ്ററിംഗ് സമിതി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നം.08.തിയതി .20.02.2023)

1-12 എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ) ,1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2021-22 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | ലൈസൻസ് നം. | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | ടിജോ തോമസ് | 27/2021-22 | 2/1128 | മലബാർ ഇലക്ട്രിക്കൽസ് | 3 |
| 2 | മാത്യൂസ് ജോസഫ് | 119/2021-22 | 3/19 | റോയൽ കാറ്ററിംഗ് | 3 |
| 3 | ഉണ്ണി ജോർജ്ജ് | 230/2021-22 | 8/527 | സ്വീറ്റ്ലാന്റ് ബേക്കേഴ്സ് | 7 |
| 4 | ബിഹാസ് ബെൻ | 308/2021-22 | 8/255C | ബെൻ ബേക്കേഴ്സ് | 5 |
| 5 | എം.ഡി, കാസറഗോഡ് ജില്ലാ കോ-ഓ റബ്ബർ മാർക്കെറ്റിംഗ് സൊസൈറ്റി | 325/2021-22 | 10/453 | ഈസ്റ്റേൺ മലബാർ കോക്കനട്ട് ഓയൽ | 7 |
| 6 | എ.ടി.പി മുഹമ്മദ് ഹാജി | 349/2021-22 | 11/413 | സൾഫെക്സ് മാട്രസ്സ് | 3 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 16 തീയ്യതി 21.02.2023)

1-13 ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0001/22 |
| പ്രോജക്ടിന്റെ പേര് | എം.കെ.എം ന് പഞ്ചായത്ത് വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 84,898/-രൂപ -വികസന ഫണ്ട് (ജനറൽ) |
| ചെലവ് തുക | 77,925/-രൂപ |

| | |
|---|---|
| ബിൽ റഫറൻസ് നമ്പർ, തീയതി | 21200552001600294053 / 11.08.2021 |

പ്രൊജക്ട് നമ്പർ S0001/22 പ്രകാരം പഞ്ചായത്തുകളുടെ സോഫ്റ്റ് വെയറുകളുടെ ഉപയോഗത്തിന് സഹായിക്കുന്ന സപ്പോർട്ടിംഗ് ഏജൻസിയായ ഇൻഫർമേഷൻ കേരളാ മിഷന് 2021-22 വർഷത്തെ ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനായി മേൽ ബിൽ റഫറൻസ് പ്രകാരം 77,925/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. (അക്കൗണ്ട് നം 57047023512). പ്രസ്തുത തുകയുടെ ചെലവുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.അതിനാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 77,925/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (17.02.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.07)

1-15 എം.സി.എഫിന് അടിസ്ഥാന സൗകര്യമൊരുക്കൽ-പദ്ധതിക്കായി വാങ്ങിയ ബേയിലിംഗ് മെഷീൻ ഉപയോഗിക്കുന്നില്ല.

നിർവഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ.

കടുമേനി എം.സി.എഫിലേക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി പ്ലാസ്റ്റിക്ക് പൊടിക്കുന്നതിന് ഒരു ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ നിന്നാണ് ബെയിലിംഗ് മെഷീൻ വാങ്ങിയത്. ഇൻവോയ്സ് നമ്പർ TVMBC-326/21-22 തീയതി: 22.03.2022 പ്രകാരം വാങ്ങിയ ബെയിലിംഗ് മെഷീന്റെ വിലയായി 5,49,899/- രൂപ നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മേൽ സ്ഥാപനത്തിന് നല്കിയിട്ടുണ്ട് (ചെക്ക് നം 961192/30.04.2022 പ്രകാരം തനത് ഫണ്ടിൽ നിന്നും 3,49,899/- രൂപയും വൗച്ചർ നം XFC/2021-22/P/25 തീയതി: 27.03.2022 പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 2,00,000/- രൂപയും). ഇപ്രകാരം വാങ്ങിയ ബെയിലിംഗ് മെഷീൻ ഇതുവരെ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ 3ഫേസ് വൈദ്യുതി കണക്ഷൻ ലഭിക്കാത്തതാണ് ഉപകരണം ഉപയോഗിക്കാതിരിക്കാനുള്ള കാരണമായി നിർവഹണോദ്യോഗസ്ഥൻ അറിയിച്ചത്. എം.സി.എഫിലേക്ക് 3ഫേസ് വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിർവഹണോദ്യോഗസ്ഥൻ അറിയിക്കുയുണ്ടായി.

ബെയിലിംഗ് മെഷീൻ വാങ്ങിയതുമായി ബന്ധപ്പെട്ട് കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡും നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിൽ 14.03.2022ന് കരാറുടമ്പടിവെച്ചിട്ടുണ്ട്. കരാറുടമ്പടിയിലെ 1(b) വ്യവസ്ഥയനുസരിച്ച് ഉപകരണം വിതരണംചെയ്ത തീയതി മുതൽ ഒരു വർഷമാണ് ഗ്യാരണ്ടി കാലയളവ്. അതായത് 22.03.2022 ന് വാങ്ങിയ ബെയിലിംഗ് മെഷീന്റെ ഗ്യാരണ്ടി കാലയളവ് അവസാനിക്കാൻ ദിവസങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്.

ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ഉപകരണം വാങ്ങിയത് ശരിയായ നടപടിയല്ല. സാമ്പത്തിക വർഷാവസാനം ചെലവ് ശതമാനം കൂട്ടുന്നതിനായ് ഇത്തരത്തിൽ വൻതുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്. ഈ അപാകത ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു. എത്രയും വേഗത്തിൽ ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി ഉപകരണം ഉപയോഗ്യയോഗ്യമാക്കേണ്ടതാണ്. മതിയായ അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ വൻതുക ചെലവഴിച്ച് ഉപകരണം വാങ്ങിയതിന് നിർവഹണോദ്യോഗസ്ഥന്റെ വിശദീകരണം ആവശ്യമാണ്. ബെയിലിംഗ് മെഷീൻ ഉപയോഗിക്കാത്ത സാഹചര്യത്തിൽ 5,49,899/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബെയിലിംഗ് മെഷീൻ പദ്ധതിക്കായി വിനിയോഗിക്കാതെ നിഷ്ക്രിയ ആസ്ഥിയായി മാറിയാൽ മെഷീൻ വാങ്ങുന്നതിനായി ചെലവഴിച്ച 5,49,899/- രൂപ

നിർവഹണോദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

1-16 ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കുന്നില്ല.

ഇ ടെണ്ടർ മുഖേ നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കിന്നതനായി നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, ചിറ്റാരിക്കാൽ ശാഖയിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം 37221076293) ആരംഭിച്ചിട്ടുണ്ട്. 21.02.2023ന് ഈ അക്കൗണ്ടിൽ 3,78,054/- രൂപ നീക്കിയിരിപ്പുണ്ട്. ഇ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിക്കുന്ന തുക സ്വീകരിക്കിന്നതിനുള്ള ഈ ബാങ്ക് അക്കൗണ്ടിൽ നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും മരാമത്ത് പ്രവൃത്തികളുടെ തനത് വിഹിതമായി നൽകുന്ന തുകകൾ, ട്രഷറിയിൽ നിന്നും ലഭിക്കുന്ന തുകകൾ തുടങ്ങിയ വരവുകളും ക്രെഡിറ്റ് ചെയ്യുന്നുണ്ട്.ഇത്തരത്തിൽ മറ്റ് തുകകൾ കൂടി ഈ അക്കൗണ്ടിൽ വരവുവെയ്ക്കുന്നതിനാൽ ടെണ്ടർ ഫോമിന്റെ വിലയായി അക്കൗണ്ടിൽ വരവുവന്ന തുക എത്രയെന്ന് കണക്കാക്കാൻ സാധിക്കുന്നില്ല. ആയതിനാൻ ഈ അക്കൗണ്ടിൽ ടെണ്ടർ ഫോമിന്റെ വിലയായി അക്കൗണ്ടിൽ വരവുവന്ന തുക കണക്കാക്കി ഗ്രാമ പഞ്ചായത്തിന് കൈമാറി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കിന്നതിനായി മാപ്പ് ചെയ്ത ഈ അക്കൗണ്ടിൽ മറ്റ് തുകകൾ വരവുവെയ്ക്കുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന മറ്റ് വരവുകൾ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 13 തിയതി 21.02.2023).

1-17 റോഡ് പ്രവൃത്തിയുടെ ഭാഗമായി കിളച്ചെടുത്ത (Scarified) കല്ലും മെറ്റലും പുനരുപയോഗത്തിനുള്ള സാധ്യത പരിഗണിക്കണം.

ഗ്രാമ പഞ്ചായത്തിലെ നിർവഹണോദ്യോഗസ്ഥനായ അസിസറ്റന്റ് എഞ്ചിനീയർ 2021-2022 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ചുവടെ പരാമർശിക്കുന്ന റോഡ് റീടാറിംഗ്/ കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ നിലവിലുള്ള റോഡ് പ്രതലം 15 സെ.മി കനത്തിൽ കിളച്ചെടുക്കുന്നയിനം (Code 3.2-Preparation Of Foundation For Embankment-Scarifying Existing Bituminous Surface To A Depth Of 150mm By Mechanical Means And Disposal Of Scarified Material With A Liftupto3m And Leadupto 1000m) പ്രവൃത്തി ചെയ്തിട്ടുണ്ട്. ഇതേ പ്രവൃത്തിയിൽതന്നെ ഗ്രാനുലാർ സബ്-ബേസ് പ്രവൃത്തിയും (Code 4.11.2-Granular Sub-base/base/surfsce Course With Local Materials (Table 400.13) By Mix In Place Method Normal. Using Gravel Mix Soil) ചെയ്യുന്നുണ്ട്. ഈ പ്രവൃത്തികളിൽ Scarifying Of Existing Bituminous Road Surface എന്നയിനം പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മെറ്റലുകളും കരിങ്കൽ കഷണങ്ങളും പുനരുപയോഗ്യയോഗ്യമാണോ അല്ലയോ എന്നൊന്നും അളവ് പുസ്തകങ്ങളിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | എസ്റ്റിമേറ്റ് നമ്പർ. | അളവു പുസ്തകം നമ്പർ. | ആകെ അളവ് മൂല്യം (12% GST ഘടകവും ഉൾപ്പെടെ) | Scarifying Existing Bituminous Surface To A Depth Of 150mm ചെയ്ത പ്രതലത്തിന്റെ അളവ് | Granular Sub-base ചെയ്ത പ്രതലത്തിന്റെ അളവ് | ബിൽനം/തീയതി |
|---|---|---|---|---|---|---|
| നിരത്തുംതട്ട് മലങ്കടവ് റോഡ് മെയിന്റനൻസ് (പ്രൊജക്ട് നം 37/22) | EST No 2021/44611 | 281/21-22 | 299824/- | 120sqm (അളവ് മൂല്യം=1003/-) | 6.00cum (അളവ് മൂല്യം=12280/-) | BRN 21200552014001075463 തീ 07.02.2022 |

| | | | | | | |
|---|---|---|---|---|---|---|
| കണ്ണിവയൽ നെല്ലിക്കാമല റോഡ് റീടാറിംഗ് (പ്രൊജക്ട് നം 18/22) | EST No 2021/2804 | 313/21-22 | 499779/- | 270 Sqm (അളവ് മൂല്യം=2257/-) | 6.00cum (അളവ് മൂല്യം=12280/-) | BRN 21200552014001266053 തീ 07.03.2022 |
| കൊല്ലാട ചെറുകുറ്റപ്പ റോഡ് റീടാറിംഗ് (പ്രൊജക്ട് നം 23/22) | EST No 2021/28733 | 284/21-22 | 349654/- | 120sqm (അളവ് മൂല്യം=1003/-) | 3.00cum (അളവ് മൂല്യം=6140/-) | BRN 21200552014001102493 തീ 10.02.2022 |

മേൽ പരാമർശിച്ച പ്രവൃത്തികളിൽ Scarifying-ന്റെ ഭാഗമായി ലഭിച്ച മെറ്റീരിയലുകൾ ഗ്രാനുലാർ സബ്-ബേസ് പ്രവൃത്തിയ്ക്ക് ഉപയോഗിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറി നം. 12 തിയതി 21.02.2023 പ്രകാരം നിർവഹണോദ്യോഗസ്ഥനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ റോഡ് പ്രവൃത്തിയുടെ ഭാഗമായി റോഡ് പ്രതലം Scarify-ചെയ്ത് ലഭിക്കുന്ന മെറ്റീരിയലുകൾ ഗ്രാനുലാർ സബ്-ബേസ് പ്രവൃത്തിയ്ക്ക് പുനരുപയോഗത്തിനുള്ള സാധ്യത പരിഗണിക്കേണ്ടതാണ്.

## 1-18 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ .

2021-2022 വർഷം ഗ്രാമ പഞ്ചായത്ത് നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ആകെ അളവുമൂല്യത്തിന്റെ കൂടെ 12% ജി.എസ്.ടി ഘടകവും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ റിപ്പാർട്ടിലെ അനുബന്ധം-6ൽ പരാമർശിക്കുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപെടുത്തുന്നു.

## 1-19 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി. തുക കുറവ് ചെയ്ത് അടച്ചില്ല. അതുപോലെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളുടെ സാമഗ്രികളുടെ തുക നൽകിയപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ. നമ്പർ & തിയതി | കരാറുകാരന് നല്കിയ തുക(₹) | കരാറുകാരന്റെ അക്കൗണ്ടിലേക്ക് തുക നല്കിയ തിയതി | കരാറുകാരന്റെ പേര് | ആദായ നികുതി (@1%) ഈടാക്കേ | ജി.എസ്.ടി. (@2%) ഈടാക്കേണ്ടിയിരുന്ന |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ണ്ടിയിരുന്ന തുക (₹) | തുക (₹) |
| 1 | മൗവ്വേനി വെള്ളട്ടക്കം റോഡിന് കോൺക്രീറ്റ് പാത | FTO 848381 തീ:10.03.2021<br>FTO 848391 തീ:10.03.2021<br>FTO 848800 തീ:10.03.2021 | 3,85,532/- | 02.07.2021 | സാല്യ.എൻ.കെ | 3,855/- | 7,710/- |
| 2 | ചവറഗിരി മെയ്യാൽ റോഡ് കോൺക്രീറ്റ് | FTO 944272 തീ:27.03.2021<br>FTO 944285 തീ:27.03.2021<br>FTO 944297 തീ:27.03.2021 | 3,81,054/- | 02.07.2021 | സാല്യ.എൻ.കെ | 3,811/- | 7,622/- |
| 3 | കണ്ണിവയൽ ഈസ്റ്റ് റോഡ് കോൺക്രീറ്റിംഗ്-റീച്ച് I | FTO 810122 തീ:03.03.2021<br>FTO 810156 തീ:03.03.2021<br>FTO 810163 തീ:03.03.2021 | 3,95,730/- | 07.04.2021 | കെ.ജെ.തോമസ് | 3,957/- | 7,914/- |
| 4 | കുണ്ടാരം എക്കൽ തയ്യേനി റോഡ് കോൺക്രീറ്റ് | FTO 928092 തീ:25.03.2021<br>FTO 928103 തീ:25.03.2021<br>FTO 928116 തീ:25.03.2021 | 3,12,451/- | 02.07.2021 | കെ.ജെ.തോമസ് | 3,125/- | 6,250/- |
| 5 | ഓടക്കൊല്ലി വെള്ളക്കല്ല് റോഡ് കോൺക്രീറ്റിംഗ്-റീച്ച് 2 | FTO 237004 തീ:17.08.2020<br>FTO 237006 തീ:17.08.2020<br>FTO 237007 തീ:17.08.2020 | 3,93,096/- | 07.042021 | സാബു.ഒ.ടി | 3,931/- | 7,862/- |
| 6 | കടുമേനി കണ്ണിക്കുന്ന് റോഡ് കോൺക്രീറ്റ് അവസാനഭാഗം | FTO 968843 തീ:30.03.2021<br>FTO 975139 തീ:31.03.2021<br>FTO 975173 തീ:31.03.2021 | 3,97,320/- | 03.08.2021 | ജോജി അഗസ്റ്റ്യൻ | 3,973/- | 7,946/- |
| 7 | മുണ്ടയിരുന്നചാൽ ഓടപ്പള്ളി റോഡ് കോൺക്രീറ്റ് | FTO 223015 തീ:11.08.2020<br>FTO 223023 തീ:11.08.2020 | 3,93,096/- | 19.01.2021 | സാബു.ഒ.ടി | 3,931/- | 7,862/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | FTO 223025 തീ:11.08.2020 | | | | | |
| | | | | | ആകെ | 26,583/- | 53,166 /- |

സ്രോതസ്സിൽ നിന്നും കുറവ് വരുത്തേണ്ട നികുതികൾ ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം. -14 തീയതി 21.02.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതികൾ ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 തെരുവ് നായ നിയന്ത്രണ പരിപാടി ഗ്രാമ പഞ്ചായത്തിന് പ്രയോജനം ലഭിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം. | S0090/22 |
| പ്രോജക്ടിന്റെ പേര് | എബിസി പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 50,000/-രൂപ , തനത് ഫണ്ട് |
| ചെലവ് തുക | 50,000/-രൂപ |
| ചെക്ക് നമ്പർ, തീയതി | 5563548 തീയ്യതി. 25.11.2021 |

തെരുവ് നായ നിയന്ത്രണ പരിപാടി ഗ്രാമ പഞ്ചായത്തിന് പ്രയോജനം ലഭിക്കുന്നില്ല

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയായ തെരുവ് നായ നിയന്ത്രണ പദ്ധതിയുടെ ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ പ്രൊജക്ട് നമ്പർ S0090/22 പ്രകാരം 50,000/-രൂപ രൂപ (ചെക്ക് നമ്പർ.5563548 തീയ്യതി. 25.11.2021) കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ സംയുക്ത അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട് (അക്കൗണ്ട് നം.799013100000006). മുൻ വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത് എ.ബി.സി പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറിയിട്ടുണ്ടെങ്കിലും പദ്ധതി പ്രകാരമുള്ള പ്രയോജനം ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടോയന്ന് പരിശോധിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പ് പുരോഗതി സംബന്ധിച്ച്, നൽകിയ തുക മുഴുവൻ വിനിയോഗിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും നൽകുമെങ്കിലും ഗ്രാമ പഞ്ചായത്തിന് ലഭ്യമായ പ്രയോജനം സംബന്ധിച്ച ഭൗതിക നേട്ട റിപ്പോർട്ടുകളോ മറ്റ് വിശദാംശങ്ങളോ വിനിയോഗ സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ടുകാണാറില്ല. ഇക്കാര്യം പരിശോധിച്ച് നാളിതുവരെ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിന് കൈമാറിയ തുകകൾ ഗ്രാമ പഞ്ചായത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭ്യമായിട്ടില്ലെങ്കിൽ പ്രസ്തുത വിഷയം ജില്ലാ പഞ്ചായത്തിനെ രേഖാമൂലം അറിയിച്ച് ഭരണ സമിതിതലത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.05 തീയ്യതി.16.02.2023)

1-21 വനിതകൾക്ക് കോഴി വളർത്തൽ പദ്ധതി-ചെലവ് രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജ്ജൻ നടപ്പാക്കിയ വനിതകൾക്ക് കോഴി വളർത്തൽ പദ്ധതിയുടെ (പ്രൊ.നം.51/20-21) ഭാഗമായി വികസന ഫണ്ടിൽ നിന്നും ആകെ 4,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ റഫറൻസ് നം. 21200552014200850485 തിയ്യതി 28.12.2021 പ്രകാരം 1,50,000/- രൂപ ചെലവഴിച്ചതിന്റെ വൗച്ചറും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ മേൽപ്രകാരം നടത്തിയ 1,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നം. 15 തീയ്യതി 21.02.2023).

1-22 വനിതകൾക്ക് ആട് വളർത്തൽ പദ്ധതി- സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |

| | | |
|---|---|---|
| പ്രൊജക്റ്റിന്റെ പേര് | | വനിതകൾക്ക് ആട് വളർത്തൽ<br>(പ്രൊ.നം 50/22) |
| അടങ്കൽ | | വികസനഫണ്ട്-₹ 168000/-<br>ഗുണഭോക്തൃ വിഹിതം ₹168000/-) |
| ചെലവ് | വികസന ഫണ്ട് | 1) BRN-21200552014200865448, തിയ്യതി 30.12.2021 തുക-1,10,000/-<br>2) BRN 21200552014201044364, തിയ്യതി 02.02.2022 തുക-1,50,000/-<br>3) BRN 21200552014201086721, തിയ്യതി 08.02.2022 തുക-6,00,000/-<br>4) BRN 21200552014201130005, തിയ്യതി 15.02.2022 തുക-1,20,000/-<br>5) BRN 21200552014201168503, തിയ്യതി 21.02.2022 തുക-2,50,000/-<br>6) BRN 21200552014201224007, തിയ്യതി 28.02.2022 തുക-1,60,000/-<br>7) BRN 21200552014201263523, തിയ്യതി 07.03.2022 തുക-2,20,000/-<br>8) BRN 21200552014201312203, തിയ്യതി 14.03.2022 തുക-60,000/-<br>9) BRN 21200552014201409833, തിയ്യതി 22.03.2022തുക-10,000/-<br>ആകെ 16,80,000/- |
| | ഗുണഭോക്തൃവിഹിതം (നേരിട്ട്) | ₹16,80,000/- |

ഗ്രാമപഞ്ചായത്ത് 2021-22 വർഷം നടപ്പാക്കിയ വനിതകൾക്ക് ആട് വളർത്തൽ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 1680000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മുഖേന 168 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ 10,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലും, രേഖകളുടെ സൂക്ഷിപ്പിലും സബ്സിഡി മാർഗ്ഗ രേഖയിലെ (ജി.ഒ.(എം.എസ്) 22/2018 ത.സ്വ.ഭ.വ. 14.2.2018) ചില നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി .

A) മേൽ സർക്കാർ ഉത്തരവിലെ ഖണ്ഡിക 6.2 ലെ കുറിപ്പ് പ്രകാരം ഉരുക്കളെ വിറ്റയാളുടെ അക്കൗണ്ടിലേയ്ക്കാണ് സബ്സിഡിയും ഗുണഭോക്തൃവിഹിതവും ഉൾപ്പടെയുള്ള വില നൽകേണ്ടത്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രഷറി ബില്ലുകൾ പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി സബ്സിഡി തുക ചുവടെ ചേർത്ത ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടുകളിലേയ്ക്ക് തന്നെ നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | സബ്സിഡി തുക | ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | സിസിലി ചാക്കോ | 10,000/- | 40595101005279 |
| 2 | സിനിമോൾ | 10,000/- | 40419100006337 |

| | | | |
|---|---|---|---|
| | ഡൊമിനിക്ക് | | |
| 3 | ജിജി തോമസ് | 10,000/- | 40595101020029 |
| 4 | എൽസമ്മ ബേബി | 10,000/- | 0737108020186 |

B) മേൽ സർക്കാർ ഉത്തരവിലെ ഖണ്ഡിക 6.2 പ്രകാരം ഉരുക്കളുടെ പ്രായം, ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തണം. എന്നാൽ ഇത് സംബന്ധിച്ച സാക്ഷ്യപത്രം വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂടാതെ ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

C) മേൽ സർക്കാർ ഉത്തരവിലെ ഖ.6.2 കുറിപ്പ് 3 പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്റിനറി സർജ്ജൻ കൺവീനറായും ഗുണഭോക്താക്കളിൽ 5 പേർ അംഗങ്ങളായും ഉള്ള പർച്ചേസിങ്ങ് കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. എന്നാൽ പർച്ചേസിങ്ങ് കമ്മിറ്റി മുഖേന വാങ്ങൽ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച രേഖകളോ, മിനിട്സുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പദ്ധതി മോണിറ്ററിംഗ് സമിതി സാക്ഷ്യപത്രങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നം. 15 തീയ്യതി 21.02.2023 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് പരാമർശിത രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ മേൽ പദ്ധതികൾക്കായി വികസനഫണ്ടിൽ നിന്നും നടത്തിയ 16,80,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മൃഗസംരക്ഷണ മേഖലയിലെ പദ്ധതി നടത്തിപ്പിലും രേഖകളുടെ സൂക്ഷിപ്പിലും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാനും, വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) - അക്കൗണ്ട് നമ്പർ തെറ്റി മറ്റൊരു വ്യക്തിക്ക് തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥ -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചിറ്റാരിക്കൽ സർക്കിൾ)
പ്രൊ.നം.58/21-22 ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) പ്രകാരം ട്രഷറി ബിൽ നം.0174303/-30.6.2021 പ്രകാരം 8,10,000/- രൂപ 9 ഗുണഭോക്താക്കൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥ അനുവദിക്കുകയുണ്ടായി . ഇതു പ്രകാരം ബിജു.ഇ.കെ എന്നവ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് (എസ്.ബി.ഐ- 67380911342) 90,000/- രൂപ കൈമാറിയിരുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ലഭ്യമാക്കിയ രേഖകളും, സ്കീം രജിസ്റ്ററും പരിശോധിച്ചതിൽ ബിജു.ഇ.കെ എന്ന പേരിൽ ഒരു ഗുണഭോക്താവ് മേൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതായി കാണുകയുണ്ടായി. ഇക്കാര്യം സൂചിപ്പിച്ചതിന് വാക്കാൽ നൽകിയ മറുപടിയിൽ പ്രസ്തുത തുക ബിജു എം.കെ എന്ന ഗുണഭോക്താവിന് നല്കേണ്ടതിന് പകരം ബിജു.ഇ.കെ എന്നയാളുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയായിരുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി . അക്കൗണ്ടിൽ തെറ്റായി നിക്ഷേപിച്ച തുക തിരിച്ചടയ്ക്കുവാൻ നിർദ്ദേശിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ 22/4/2022 ന് ഗ്രാമ പഞ്ചായത്തിൽ എസ്.ടി പ്രൊമോട്ടറായ മേൽ വ്യക്തിക്ക് നൽകിയ കത്ത് പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി . എന്നാൽ നാളിതുവരേയും പ്രസ്തുത തുക തിരികെ അടച്ചിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 10/20.2.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടില്ല. അക്കൗണ്ട് മാറി അനുവദിച്ച 90,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ലൈഫ് ഭവന പദ്ധതി ഗുണഭോക്താവിന് നല്കേണ്ടതിന് പകരം അക്കൗണ്ട് മാറി തുക നല്കുവാനുണ്ടായ സാഹചര്യം പരിശോധിച്ച് തെറ്റായി നിക്ഷേപിച്ച 90,000/- രൂപ നിയമപ്രകാരമുള്ള പലിശ സഹിതം തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കി ചലാൻ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) - അധിക നിരക്കിൽ ആനുകൂല്യം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥ -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചിറ്റാരിക്കൽ സർക്കിൾ)

ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) ഗുണഭോക്താവായ കുഞ്ഞിരാമൻ പേരടുക്കം എന്ന വ്യക്തിക്ക് 2021-22 വർഷം പ്രൊജക്റ്റ് നം.58/21-22, പ്രൊജക്റ്റ് നം.110/21-22 എന്നിവ പ്രകാരം 5,20,000/- രൂപ അനുവദിച്ചിരുന്നു. തുക വിതരണം ചെയ്തതുമായി ബന്ധപ്പെട്ട സ്കീം രജിസ്റ്റർ പരിശോധിച്ചതിൽ ഇദ്ദേഹത്തിന് 2022-23 വർഷം പ്രൊജക്റ്റ് നമ്പർ 47/22-23 ൽ ഉൾപ്പെടുത്തി 1,20,000/- രൂപ കൂടി അനുവദിച്ചതായി കാണുകയുണ്ടായി . ഇത് സംബന്ധിച്ച വിശദമായ പരിശോധനയിൽ അർഹതപ്പെട്ട 6,00,000/- ലക്ഷം രൂപയ്ക്ക് പകരം മേൽ ഗുണഭോക്താവിന് ഇരു വർഷങ്ങളിലുമായി 6,40,000/- രൂപ ഇദ്ദേഹത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (A/c.No.40595101009460 KGB) നിർവ്വഹണ ഉദ്യോഗസ്ഥ കൈമാറിയിട്ടുണ്ട്. തുക അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | ബന്ധപ്പെട്ട ട്രഷറി ബിൽ.നം/ വൗച്ചർ നം. /തിയതി | ഗുണഭോക്താവിന് അനുവദിച്ച തുക |
|---|---|---|---|
| 1 | 58/2021-22 | BRN.21200552012200174303, തി. 30/6/2021 | 90,000/- |
| 2 | 110/2021-22 | വൗച്ചർ.നം.22100272/ തിയതി .6/7/2021 | 1,00,000/- |
| 3 | 58/2021-22 | വൗച്ചർ.നം.100032/ തിയതി .30/9/2021 | 80,000/- |
| 4 | 58/2021-22 | BRN.21200552012200638367, തി. 11/11/2021 | 80,000/- |
| 5 | 58/2021-22 | വൗച്ചർ.നം.100032/ തിയതി .30/12/2021 | 40,000/- |
| 6 | 58/2021-22 | BRN.21200552012201227767, തി. 26/2/2022 | 50,000/- |
| 7 | 58/2021-22 | BRN.21200552012201227779, തി. 28/2/2022 | 80,000/- |
| 8 | 47/2022-23 | വൗച്ചർ.നം 22200332/ തിയതി .01/08/2022 | 1,20,000/- |
| | | ആകെ | 6,40,000/- |

അവസാന ഗഡുവായി 80,000/- രൂപ അനുവദിക്കേണ്ടതിന് പകരം 1,20,000/- രൂപ അനുവദിച്ചതു വഴി 40,000/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്(അധികം തുക നൽകിയത് 2022-23 സാമ്പത്തിക വർഷമാണ്). പ്രസ്തുത തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് (ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതം/വായ്പ) തിരികെ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ ഓഡിറ്റ് വർഷം ഗുണഭോക്താവിന് അനുവദിച്ച 5,20,000- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഭവന പദ്ധതി ആനുകൂല്യം വിവിധ ഗഡുക്കളായി ഗുണഭോക്താക്കൾക്ക് നല്കുമ്പോൾ പ്രസ്തുത വിവരം സ്കീം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്താത് മൂലമാണ് ഇത്തരത്തിൽ ഗുണഭോക്താക്കൾക്ക് അധികം ആനുകൂല്യം നല്കുവാൻ ഇടയാക്കിയിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കളായി ആനുകൂല്യം അനുവദിക്കുമ്പോൾ വൗച്ചർ നമ്പറും, തിയതിയും ഉൾപ്പടെയുള്ള വിവരങ്ങൾ സ്കീം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അവസാന ഗഡു നല്കുന്നതിന് മുമ്പ് ഗുണഭോക്താവിന്റെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് അധികം തുക നൽകിയിട്ടില്ലായെന്ന് ഉറപ്പ് വരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-25 ഭവന പദ്ധതി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ പൊരുത്തപ്പെടുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചിറ്റാരിക്കൽ സർക്കിൾ)

പ്രൊ.നം.58/21-22 (ലൈഫ് ഭവന പദ്ധതി -പട്ടിക വർഗ്ഗം) പ്രകാരം അമ്പാടി എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക്( അക്കൗണ്ട്.നം.20770100039787) 30/9/2021 ൽ 80,000/- രൂപയും, (വൗച്ചർ.നം.100060/20.10.2021), 9/2/2022 ന് 50,000/- രൂപയും (ട്രഷറി ബിൽ.നം 097352/9.2.2022) നിക്ഷേപിച്ചിട്ടുണ്ട്. സ്കീം രജിസ്റ്ററിൽ അമ്പാടി എന്ന ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറായി രേഖപ്പെടുത്തിയിട്ടുള്ളത് 40419101029172 എന്നാണ്. ഇക്കാര്യം പരിശോധിച്ച് യഥാർഥ ഗുണഭോക്താവിന് തന്നെയാണ് ആനുകൂല്യം ലഭ്യമായിട്ടുള്ളതെന്ന് സാധൂകരിക്കുന്ന രേഖകൾ/ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം 10/20.02.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥ ആയത് ഹാജരാക്കുകയുണ്ടായില്ല. മേൽ പ്രകാരം തുക അനുവദിക്കപ്പെട്ട ബാങ്ക്

അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകളും/ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ മേൽപ്രകാരം അനുവദിച്ചിട്ടുള്ള 1,30,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-26 മിനി എംസി.എഫ് സ്ഥാപിക്കൽ - ചെലവിൽ വ്യക്തതയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചിറ്റാരിക്കൽ സർക്കിൾ)

സ്പിൽ ഓവർ പദ്ധതിയായ പ്രൊ.നം.112/21-22 പ്രകാരം, 68,000/- രൂപ ഗ്രാമ പഞ്ചായത്തിലെ പ്രധാന ടൗണുകളിൽ മിനി എംസി.എഫ് സ്ഥാപിക്കുന്നതിനായി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് നൽകിയതായി നിർവ്വഹണ ഉദ്യോഗസ്ഥയുടെ ക്യാഷ് ബുക്കിൽ 25.2.2022 ന് രേഖപ്പെടുത്തിയിട്ടുണ്ട്. സുലേഖ ചെലവ് പത്രികയിൽ ഈയിനത്തിൽ (ശുചിത്വ മിഷൻ വിഹിതം) ചെലവ് രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ബിൽ പകർപ്പ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് അന്വേഷിച്ചതിൽ, നിർവ്വഹണ ഉദ്യോഗസ്ഥ റിക്വിസിഷൻ നൽകിയെങ്കിലും ഇത്തരത്തിൽ ഒരു ചെലവ് തൻവർഷം നടന്നിട്ടില്ലാത്തതായി ഗ്രാമ പഞ്ചായത്ത് അധികൃതർ അറിയിക്കുകയുണ്ടായി. ഓഡിറ്റ് എൻക്വയറി നം 10/20.02.2023 പ്രകാരം കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥ ആയത് ലഭ്യക്കുകയുണ്ടായില്ല. ചെലവ് നടക്കാത്ത ഒരിനം ക്യാഷ് ബുക്കിൽ ചെലവ് നടന്നതായി രേഖപ്പെടുത്തുവാനുണ്ടായ സാഹചര്യം പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-27 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം

നിർവ്വഹണ ഉദ്യോഗസ്ഥ -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചിറ്റാരിക്കൽ സർക്കിൾ)

